(ബി) ഈ കേസ്സിൽ പരാതിക്കാരൻ തന്നെ അപകീർത്തിപ്പെടുത്തിയെന്ന് പറയുന്ന 'ക്രൈം' ലേഖനത്തിലെ പരാമർശത്തിൽ മുൻ ഇന്ത്യൻ പ്രസിഡന്റ് ശ്രീ. അബ്ദുൾകലാം, പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി, ഇന്ത്യാവിഷൻ ചെയർമാൻ മുനീർ എന്നിവർക്കൊപ്പമുള്ള ഫോട്ടോ ഉപയോഗിച്ച് തനിക്ക് വൻ സ്വാധീനം ഉണ്ടെന്ന് പറഞ്ഞ് ധരിപ്പിച്ചു പണം തട്ടിപ്പ് നടത്തിയെന്ന വിവരത്തെക്കുറിച്ചു എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ;

(സി) ഐ.ടി. ആക്ട് പ്രകാരം സ്റ്റേഷന് ജാമ്യം നൽകാമെന്നിരിക്കെ ഇദ്ദേഹത്തെ രണ്ട് ദിവസം പോലീസ് കസ്റ്റഡിയിൽ ഇരുത്തിയതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ടി. പി. നന്ദകുമാർ, പരാതിക്കാരനായ അലക്സാണ്ടർക്കെതിരെ നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ; ഇതു സംബന്ധിച്ചു ഡി.ജി.പി., മുഖ്യമന്ത്രി എന്നിവർക്ക് പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ലാവ്‌ലിൻ അഴിമതി സംബന്ധിച്ച വാർത്ത ക്രൈം വാരികയിലൂടെ പ്രസിദ്ധീകരിച്ചതിന്റെ പേരിലും നിയമയുദ്ധം നടത്തുന്നു എന്നതിനാലും പകപോക്കലായാണ് അലക്സാണ്ടറുടെ വ്യാജ പരാതിയിന്മേൽ നന്ദകുമാറി നെതിരെ കേസെടുത്തതെന്ന ക്രൈം വാരികയിലെ റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ടി. പി. നന്ദകുമാറിനെതിരെ എടുത്ത കേസുകൾ വ്യാജമാണെങ്കിൽ കേസ് പിൻവലിച്ച് ഇയാളിൽ നിന്നും പിടിച്ചെടുത്ത കമ്പ്യൂട്ടർ ഉപകരണങ്ങൾ തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ജി) അലക്സാണ്ടർ എന്നയാളിന്റെ വ്യാജപരാതിയിന്മേൽ ഇവയ്ക്കെതിരെ കേസ്സെടുത്തതെങ്കിൽ അതു പിൻവലിക്കുന്നതിനും ഇവർക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

ക്രൈം വാരികയുടെ ചീഫ് എഡിറ്റർ ശ്രീ. ടി. പി. നന്ദകുമാറിനെ 3-7-2010-ൽ സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തതിന്റെ കാരണം

46 (5956) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം വാരികയുടെ ചീഫ് എഡിറ്റർ ശ്രീ. ടി. പി. നന്ദകുമാറിനെ 3-7-2010-ൽ സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്ത് കേസെടുത്തിട്ടുള്ളത് ഏത് വകുപ്പുപ്രകാരമാണെന്നും ഇതിനാസ്പദമായ പരാതി ചാൻസിലർ വാച്ച് ഉടമ ശ്രീ. അലക്സാണ്ടർ ആർക്കാണ് നൽകിയിരുന്നതെന്നും പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

പരാതി കിട്ടി എത്രാം ദിവസമാണ് ശ്രീ. നന്ദകുമാറിനെ അറസ്റ്റ് ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ബി) ഏത് കോടതിയിൽ, എത്രാം നമ്പർ ആയാണ് ഈ കേസ് എടുത്തിട്ടുള്ളത് ;

(സി) ഐ. ടി. ആക്ട് 66എ(എ,ബി) പ്രകാരം ജാമ്യം പോലീസ് സ്റ്റേഷനിൽ വച്ചുതന്നെ നൽകാമെന്നിരിക്കെ ജാമ്യക്കാരനുമായി എത്തിയിട്ടും ജാമ്യം നൽകാതെ ശ്രീ. നന്ദകുമാറിനെയും ശ്രീ. രാജു ഹരിഹരനെയും പുലർച്ചെ ഒരു മണിയ്ക്ക് കോട്ടയം മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) 7-7-2010-ൽ ശ്രീ. നന്ദകുമാറിനെപ്പറ്റി അപകീർത്തിപരമായ വാർത്ത പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ദേശാഭിമാനിയുടെ വെബ് സൈറ്റിനെതിരെ എന്തെങ്കിലും പരാതി ഡി.ജി.പി.ക്ക് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ, ഈ പരാതിയിന്മേൽ കേസ്സെടുത്തുവോ ;

(എഫ്) എടുത്തെങ്കിൽ കേസിലെ ഇതുവരെയുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ജി) ശ്രീ. നന്ദകുമാറിനെതിരെയുള്ള കേസ്സിലെ നടപടിക്ക് സമാനമായി ദേശാഭിമാനിയുടെ ഓഫീസിൽ നിന്ന് കമ്പ്യൂട്ടർ ഹാർഡ് ഡിസ്കും മറ്റ് പല ഉപകരണങ്ങളും പിടിച്ചെടുത്തിട്ടുണ്ടോ ; ദേശാഭിമാനിയുടെ ചീഫ് എഡിറ്ററെയും മറ്റും അറസ്റ്റ് ചെയ്യുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ദേശാഭിമാനിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതുപോലെ ശ്രീ. നന്ദകുമാർ ക്രൈം-ൽ വാർത്ത നൽകുമെന്ന് പറഞ്ഞ് ആരെയെങ്കിലും ബ്ലാക്ക് മെയിൽ ചെയ്ത് പണം തട്ടിയെടുത്തത് സംബന്ധിച്ച് എന്തെങ്കിലും കേസ് കേരളത്തിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ക്രൈം ചീഫ് എഡിറ്റർ നന്ദകുമാറിനെതിരെയുള്ള കേസ്

47 (5957) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 7-7-2010-ൽ ക്രൈം ചീഫ് എഡിറ്റർ ശ്രീ. ടി. പി. നന്ദകുമാർ, തന്നെ അപകീർത്തിപ്പെടുത്തിയ വാർത്ത പ്രസിദ്ധീകരിച്ചുവെന്നതിന്റെ പേരിൽ ദേശാഭിമാനി വെബ്സൈറ്റിനെതിരെ ഡി.ജി.പി.-ക്ക് പരാതി നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly